# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1696 14.12.2012 ലെ മറുപടിക്ക്

## ത്രിതല പഞ്ചായത്തുകളിലെ ജീവനക്കാരുടെ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>,, ടി. യു. കുരുവിള : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ത്രിതല പഞ്ചായത്തുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ ;<br><br>(ബി) ജീവനക്കാരെ നിയമിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) യും (ബി) യും | ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് സംവിധാനത്തെ കുറിച്ച് വിശദമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രണ്ടംഗ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത രണ്ടംഗ സമിതിയുടെ പഠന റിപ്പോർട്ട് പഠിച്ച് മതിയായ ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച ആറംഗ സമിതിയുടെ ശുപാർശകൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (സി) | ജീവനക്കാർക്കും അംഗങ്ങൾക്കും കിലയുടെ നേതൃത്വത്തിൽ മതിയായ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | ജീവനക്കാർക്കും അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ ആയതിനുള്ള പരിശീലനം സമയാസമയം നൽകി വരുന്നു. 12-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് മെമ്പർമാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്വെയർ ഡബിൾ എൻട്രി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ സെക്രട്ടറി, അക്കൗണ്ടന്റ്, ക്ലാർക്ക്, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കും പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ